വന്യമൃഗവേട്ട

1036. [1539] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളെ വേട്ടയാടുന്നതിനെതിരെ നിയമമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിയമമനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) എത്ര ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

സഫാരി പാർക്ക്

1037. [1540] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർഡാമിൽ പ്രവർത്തിച്ചുവരുന്ന സഫാരി പാർക്കിൽ ആകെ എത്ര സിംഹങ്ങൾ ഉണ്ട് ;

(ബി) സിംഹങ്ങളെ കാണാൻ വരുന്ന ടൂറിസ്റ്റുകൾക്ക് പലപ്പോഴും സിംഹങ്ങളെ കാണാൻ സാധിക്കുന്നില്ല എന്ന പരാതി കണക്കിലെടുത്ത് അതിനുള്ളിലെ റോഡ് സൗകര്യം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ടിക്കറ്റ് നിരക്ക് ഇപ്പോഴത്തേതിൽനിന്ന് കുറയ്ക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) സഫാരി പാർക്കിൽ രണ്ട് പെൺസിംഹങ്ങൾ പ്രസവിച്ച ഉടനെ കുട്ടികൾ മരിച്ചുപോകാൻ കാരണമെന്ത് ;

(ഇ) മേലിൽ സിംഹക്കുട്ടികളെ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്നു പെൺസിംഹങ്ങളും ഒരു ആൺസിംഹവും ഉണ്ട്.

(ബി) സിംഹങ്ങളെ കാണാൻ സാധിക്കുന്നില്ല എന്ന പരാതി ഒരു ടൂറിസ്റ്റിൽ നിന്നും ഇതുവരെ കിട്ടിയിട്ടില്ല. ഇപ്പോൾ ഉള്ള റോഡുകളിൽ നിന്നുതന്നെ സിംഹങ്ങളെ കാണാൻ സൗകര്യമുള്ളതിനാൽ കൂടുതൽ റോഡുകൾ നിർമ്മിക്കേണ്ട ആവശ്യമില്ല.

(സി) ഇന്ത്യയിലെ മറ്റു സഫാരി പാർക്കുകളെ അപേക്ഷിച്ച് നെയ്യാറിലെ ടിക്കറ്റ് നിരക്ക് വളരെ കുറവാണ്. അതിനാൽ ടിക്കറ്റ് നിരക്കുകൾ ഇനിയും കുറയ്ക്കേണ്ട ആവശ്യമില്ല.

(ഡി) തളർസിംഹത്തിന്റെ ചവിട്ടേറ്റാണ് കുട്ടികൾ മരണമടഞ്ഞത്.

(ഇ) മേലിൽ ഇതുപോലുള്ള മരണം സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly